23
ആഗസ്റ്റ് 2023
ബുധൻ
Pages- 5
Vol. 2 Issue 201

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission

CNL7 MEDIA

570

# ചരിത്ര നിമിഷം; ചന്ദ്രനെ തൊട്ട് ചന്ദ്രയാൻ 3,

## ദക്ഷിണധ്രുവത്തിൽ ഇറങ്ങുന്ന ആദ്യ രാജ്യമായി ഇന്ത്യ




## അനധികൃതമായി പള്ളിക്കുമുൻപിൽ സ്ഥാപിച്ച ഹിന്ദു വിഗ്രഹം നീക്കം ചെയ്ത് പോലീസ്



എഡിറ്റോറിയൽ

ക്രിസ്ത്യൻ ലൈവ്

2023 ആഗസ്റ്റ് 23 ബുധൻ



# പൊതുപ്രവർത്തനത്തിൽ സുതാര്യതയുടെ അനിവാര്യത

**കേ**രളാ മുഖ്യമന്ത്രിയുടെ മകളുടെ വരുമാനവുമായി ബന്ധപ്പെട്ട് ഉയർന്നു വന്നിട്ടുള്ള കോലാഹലങ്ങൾ ചൂടുപിടിച്ച ചർച്ചകൾക്ക് വഴിമരുന്നിട്ടിരിക്കുകയാണല്ലോ? ഈ സാഹചര്യത്തിൽ ക്രൈസ്തവ പൊതുപ്രവർത്തന രംഗത്തെയും പ്രവർത്തകരെയും ഒന്ന് വിലയിരുത്തുന്നത് നല്ലതാണ് എന്ന് തോന്നുന്നു. ഓരോ ക്രൈസ്തവ പ്രവർത്തകരും പൊതു പ്രവർത്തകരാണ്. അവരുടെ ജീവിതവും പ്രവർത്തനങ്ങളും സുതാര്യമായിരിക്കേണം.

സുതാര്യത എന്നത് രഹസ്യത്തിന്റെയും വഞ്ചനയുടെയും ഒക്കെ വിപരീതമാണ്. ക്രിസ്ത്യാനികളുടെ ജീവിതം സുതാര്യമായിരിക്കണം എന്ന് ദൈവവും, സമൂഹവും ഇച്ഛിക്കുന്നു. ഇത് ഒരു ബൈബിൾ തത്വവുമാണ്. ഇത് വിശ്വാസം വളർത്താൻ നമ്മെ സഹായിക്കുന്നു.നമ്മുടെ പ്രവർത്തനങ്ങൾ സുതാര്യമാവുമ്പോൾ മറ്റുള്ളവർ നമ്മെ കൂടുതൽ വിശ്വസിക്കാനിടയാകും. സുതാര്യത, കൂടുതൽ ഉത്തരവാദിത്വത്തോടെ സമൂഹത്തിൽ പ്രവർത്തിക്കാൻ ഓരോ ക്രിസ്ത്യാനിയേയും പ്രചോദിപ്പിക്കുന്ന ഒരു ഘടകം കൂടിയാണ്. ഇത് പൊതുപ്രവർത്തകരിൽ വിനയം വർധിപ്പിക്കാൻ സഹായിക്കുന്നു. ദൈവവുമായും, മറ്റ് ക്രിസ്ത്യാനികളുമായും, ലോകവുമായുള്ള ബന്ധങ്ങളിലും ഓരോ ക്രിസ്ത്യാനിയും സുതാര്യത പുലർത്തേണ്ടതുണ്ട്. സാമ്പത്തീക കാര്യങ്ങളിലും, ബന്ധങ്ങളിലും ഒക്കെ സുതാര്യത ഇല്ലായ്മയാണ് ക്രൈസ്തവരെ സമൂഹത്തിൽ നിന്ദാപാത്രമാക്കുന്നത്.

പല സുവിശേഷ പ്രവർത്തകരും ഇത്തരം കാര്യങ്ങളിൽ വിശ്വസ്തതയും, സുതാര്യതയും പുലർത്താത്തതിനാൽ ധാരാളം സംഘടനകൾ പിളർപ്പിലേക്ക് നയിക്കപ്പെട്ടിട്ടുണ്ട്. പല ക്രൈസ്തവ നേതാക്കളും രഹസ്യമായി ചെയ്തുകൂട്ടിയ കാര്യങ്ങൾ പിൽക്കാലത്ത് പൊതുസമൂഹത്തിൽ പാട്ടാവുകയും, അവരെപ്പറ്റി മറ്റുള്ളവർക്കുണ്ടായിരുന്ന വിശ്വാസം പാടെ തകർന്ന് പോയിട്ടുമുണ്ട്.

കുടുംബ ബന്ധങ്ങളുടെ കാര്യത്തിൽ അവശ്യം ആവശ്യമായ ഒരു ഘടകമാണ് സുതാര്യത. സുതാര്യതയുടെ അഭാവത്താൽ എത്രയോ കുടുംബ ബന്ധങ്ങളാണ് തകർന്ന് പോയിട്ടുള്ളത്?

യേശുവിന്റെയും അപ്പോസ്തലന്മാരുടെയും ഒക്കെ ജീവിതം ഒരു തുറന്ന പുസ്തകം പോലെ ആയിരുന്നു. യേശു പരസ്യമായി സമൂഹത്തോട് ചോദിച്ചു, 'നിങ്ങളിൽ ആർ എന്നെ പാപത്തെക്കുറിച്ചു ബോധം വരുത്തുന്നു? ഞാൻ സത്യം പറയുന്നു എങ്കിൽ നിങ്ങൾ എന്നെ വിശ്വസിക്കാത്തതു എന്തു?' (യോഹന്നാൻ 8:46)



സുതാര്യമായ ഒരു ക്രിസ്തീയ ജീവിതം യേശുവിനോട് ചേർന്നുള്ള നടത്തമാണ്. അവിടെയാണ് നമ്മുടെ പ്രവർത്തികളിലൂടെ സമൂഹം യേശുവിനെ ദർശിക്കുന്നത്. ആരോഗ്യകരമായ ഒരു ക്രിസ്തീയ ജീവിതത്തിന് അനിവാര്യമായ ഘടകമാണിത്.

**സജി വർഗ്ഗീസ്, മണിയാർ**

# ബുദ്ധമത ഭൂരിപക്ഷരാജ്യമായ കംബോഡിയയിൽ നിന്ന് ജെസ്യൂട്ട് വൈദികൻ

ബാടംബാങ്ങ് : കംബോഡിയയിൽ നിന്നു ആദ്യമായി ജെസ്യൂട്ട് വൈദികൻ അഭിഷിക്തനായി. ഫ്നോം പെന്നിലെ അപ്പസ്തോലിക വികാരിയായ മോൺ. ഒലിവിയർ ഷ്മിത്തായിസ്സ്ലറിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ച ഫാ. ഡാമോ ചുവോറിലൂടെയാണ് രാജ്യത്തിന് ആദ്യമായി ജെസ്യൂട്ട് സമൂഹാംഗമായ വൈദികനെ ലഭിച്ചിരിക്കുന്നത്. പൗരോഹിത്യത്തിലേക്കുള്ള യാത്രയിൽ വഴികാട്ടിയായിരുന്ന പി.ഐ.എം.ഇ മിഷ്ണറി ഫാ. ആൽബർട്ടോ കാക്കാരോ, ബാടംബാങ്ങ് അപ്പസ്തോലിക പ്രിഫെക്റ്റ് മോൺ. കിക്കെ ഫിഗാറെഡോ, കോംപോങ്ങ് ചാം അപ്പസ്തോലിക പ്രിഫെക്റ്റ് മോൺ. പിയറെ സുവോൺ ഹാങ്ങ്ളി തുടങ്ങിയവർക്ക് പുറമേ 75 വൈദികരും, ആയിരത്തിയഞ്ഞൂറോളം വിശ്വാസികളും തിരുപ്പട്ട സ്വീകരണ ചടങ്ങിൽ പങ്കെടുത്തു.



വൈദികർക്ക് പുറമേ പതിനഞ്ചോളം ബുദ്ധ സന്യാസികളും ചടങ്ങിൽ സന്നിഹിതരായിരുന്നു. വരുന്ന സെപ്റ്റംബർ 23ന് ഫ്നോം പെൻ അപ്പസ്തോലിക വികാരിയത്തിൽവെച്ച് 10 പേർ തിരുപ്പട്ടവും, 3 പേർ ഡീക്കൻപട്ടവും സ്വീകരിക്കുമെങ്കിലും, ജെസ്യൂട്ട് സമൂഹത്തിൽ വൈദികനായ ആദ്യ കംബോഡിയക്കാരനാണ് ഡാമോ ചുവോർ. ഫിലിപ്പീൻസിലെ മനിലയിലെ ദൈവശാസ്ത്ര സർവ്വകലാശാലയിലും അദ്ദേഹം പഠനം നടത്തിയിട്ടുണ്ട്.

കംബോഡിയയിലെ ആകെ ജനസംഖ്യയുടെ 93 ശതമാനവും ബുദ്ധമതക്കാരാണ്. അവരിൽ 95 ശതമാനവും തേരവാദ ബുദ്ധമതം പിന്തുടരുന്നവരാണ്. രാജ്യത്തുടനീളം 4,400 സന്യാസ ക്ഷേത്രങ്ങളുണ്ടെന്നാണ് കണക്ക്. ബാക്കിയുള്ള 7 ശതമാനത്തിലാണ് ക്രിസ്ത്യാനികൾ, മുസ്ലീങ്ങൾ, ആനിമിസ്റ്റുകൾ, ബഹായികൾ, ജൂതന്മാർ എന്നിവർ ഉൾപ്പെടെയുള്ള വിവിധ മതവിഭാഗങ്ങളുള്ളത്.


## നിങ്ങൾ ഒരു പരസ്യം നൽകുമ്പോൾ

**ക്രിസ്ത്യൻ ലൈവിലേക്ക് നിങ്ങൾ ഒരു പരസ്യം നൽകുമ്പോൾ യഥാർത്ഥത്തിൽ എന്താണ് സംഭവിക്കുന്നത്?**

**1. ഫെയ്സ്ബുക്കിലൂടെ**

മിഡിൽ ഈസ്റ്റ് ക്രിസ്ത്യൻ ലൈവിന്റെ ഫെയ്സ്ബുക്ക് കൂട്ടായ്മയിലൂടെ ലക്ഷക്കണക്കിനാളുകളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു:
Middle East Christian Youth Minitsries

**2 യൂ ട്യൂബിലൂടെ**

ക്രിസ്ത്യൻ ലൈവ് യൂ ട്യൂബിലൂടെ ലക്ഷക്കണക്കിനാളുകളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു:
Christian Live

**3 ഡിജിറ്റൽ ദിനപത്രത്തിലൂടെ**

ക്രിസ്ത്യൻ ലൈവ് മലയാളം ദിനപത്രത്തിലൂടെ ആയിരങ്ങളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു.
Christian Live Digital Daily

**4 ഡിജിറ്റൽ വീക്ക്‌ലിയിലൂടെ**

വിംഗ്സ് ഓഫ് ഹോപ്പ് ഇംഗ്ലിഷ് വീക്ക്‌ലിയിലൂടെ മുപ്പതിലധികം രാജ്യങ്ങളി വിവിധ ജനവിഭാഗങ്ങളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു:
Wings of Hope

**5 ന്യൂസ് പേപ്പറിലൂടെ**

ക്രിസ്ത്യൻ ലൈവ് ന്യൂസ് പേപ്പറിലൂടെ യുഎഇയുടെ മിക്ക ഭാഗങ്ങളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു. Christian Live Dubai Edition

**6 വെബ്സൈറ്റിലൂടെ**

ഓരോ മണിക്കൂറിലും അപ്ഡേറ്റ് ചെയ്യുന്ന വാർത്തകൾ കാണാനായി ആയിരങ്ങൾ സന്ദർശിക്കുന്ന ക്രിസ്ത്യൻ ലൈവ് വെബ് സൈറ്റിലൂടെ ജനങ്ങളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു:
www.christianlive in

**അപ്പോൾ ഇനി മടിച്ചു നിൽക്കണോ?
ഒട്ടും വൈകേണ്ട ഇപ്പോൾ തന്നെ
ഞങ്ങളെ വിളിക്കുക:**

India: +91 98465 52220
UAE: +971 55 862 1000

## Christian Live (Malayalam) Advertisement Tariff

**Full Page**
Front – 5000 INR
Back – 4000 INR
Inside- 3000 INR

**Half Page**
Front - 2500 INR
Back- 2000 INR
Inside -1500 INR

**Quarter Page**
Front - 1250 INR
Back - 1000 INR
Inside- 750 INR

**Half of Quarter Page**
Front - 750 INR
Back - 500 INR
Inside- 250 INR

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും



EDITORIAL BOARD

*Chief Editor:* Blessin John Malayil
**Managing Editor** Aji George
**Publisher** Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas, Oklahoma.

+91 9188522220 +91 9846552220
Email: cnl7news@gmail.com

Layout: Shaji Vazhoor ... 9656571354

## അനിൽ കുറിച്ചിമുട്ടത്തിന് ഡോക്ടറേറ്റ്



ചെങ്ങന്നൂർ : സുവിശേഷ പ്രഭാഷകനും എഴുത്തുകാരനുമായ പാസ്റ്റർ അനിൽ കുറിച്ചിമുട്ടം ആംഗലേയ സാഹിത്യത്തിൽ എം. ജി. യൂണിവേഴ്സിറ്റിയിൽ നിന്നും ഡോക്ടറേറ്റ് നേടി. ചെങ്ങന്നൂർ രാഘവന്റെയും മേരിയുടേയും മകനാണ് അനിൽ. മല്ലപ്പള്ളി സെന്റ് തെരാസസ് ഹയർ സെക്കണ്ടറി സ്കൂൾ ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപകനാണ്.ഭാര്യ : അനില ( അദ്ധ്യാപിക )മക്കൾ : ആശിഷ്ജോസിയ

## കോട്ടയം സൗത്ത് സെന്ററിന്റെ നേതൃത്വത്തിൽ യൂത്ത് റിട്രീറ്റ് 23

കോട്ടയം : PYPA കോട്ടയം സൗത്ത് സെന്ററിന്റെ നേതൃത്വത്തിൽ യൂത്ത് റിട്രീറ്റ് '23, ആഗസ്റ്റ് 2829 വരെ കോട്ടയം ഐപിസി തിയോളോജിക്കൽ സെമിനാരിയിൽ നടക്കും. 'ക്രിസ്തുവിൽ വസിക്കുക' എന്നതാണ് ഈ വർഷത്തെ ചിന്താവിഷയം. പാ. ജോയി ഫിലിപ്പ് (ഐപിസി കോട്ടയം സൗത്ത് സെന്റർ മിനിസ്റ്റർ) ഉത്ഘാടനം ചെയ്യുന്ന റിട്രീറ്റിൽ പാസ്റ്റർമാരായ ടോംസ് ഡാനിയേൽ, ആശേർ ജോൺ, കെ. ജെ. തോമസ്, ഡോ. സന്ദീപ് കരുനാഗപ്പള്ളി, എബി എബ്രഹാം എന്നിവർ ക്ലാസുകൾ നയിക്കും. ഷാരോൺ വർഗീസ്, ഗ്ലാഡ്സൻ ശാസ്താംകോട്ട, ജേസൺ ബ്രതെഴ്സ് എന്നിവർ സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകും.
പാ. സുധീർ വർഗീസ്, പാ. ജേക്കബ് വർഗീസ്, പാ. ജിബു മാത്യു, ഫെന്നി സാം ജോൺ, ഗ്രേസൺ സൈമൺ എന്നിവർ റിട്രീറ്റിന് നേതൃത്വം നൽകും.

### ന്യൂനപക്ഷ സ്കോളർഷിപ്പിൽ അഴിമതി നടന്നതായി കണ്ടെത്തൽ:സി.ബി.ഐ

## അന്വേഷണത്തിന് ന്യൂനപക്ഷകാര്യ മന്ത്രാലയം

ന്യൂഡൽഹി :കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രാലയത്തിനു കീഴിലുള്ള ന്യൂനപക്ഷ സ്കോളർഷിപ്പിൽ 114.83 കോടി രൂപയുടെ അഴിമതി നടന്നതായാണ് കണ്ടെത്തിയത്.
ദേശീയ സ്കോളർഷിപ് പോർട്ടലിൽ (എൻഎസ്പി) രജിസ്റ്റർ ചെയ്തിരിക്കുന്ന സ്ഥാപനങ്ങളിൽ 53 ശതമാനവും വ്യാജമാണെന്നു കണ്ടെത്തിയതായി ഒരു ദേശീയമാധ്യമം റിപ്പോർട്ട് ചെയ്തിരുന്നു . 2007 മുതൽ 2022 വരെയുള്ള കാലഘട്ടത്തിലാണ് വൻ അഴിമതി നടന്നിരിക്കുന്നത്. തുടർന്ന് ന്യൂനപക്ഷകാര്യ മന്ത്രാലയം നടത്തിയ ആഭ്യന്തര അന്വേഷണത്തിൽ 1,572 സ്ഥാപനങ്ങളിൽ 830 എണ്ണം വ്യാജമോ പ്രവർത്തനരഹിതമോ ആണ്.

ന്യൂനപക്ഷ സ്കോളർഷിപ്പുകളെക്കുറിച്ചുള്ള നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് ഇക്കണോമിക് റിസർച്ചിൻറെ (എൻസിഎഇആർ) അന്വേഷണ റിപ്പോർട്ട് പുറത്തുവന്നതോടെ വിശദമായ അന്വേഷണം നടത്താൻ കേന്ദ്രമന്ത്രി സ്മൃതി ഇറാനി ജൂലൈ പത്തിന് കേസ് സിബിഐക്കു കൈമാറി.
യുപിഎ സർക്കാരിൻറെ കാലത്ത് 200718 കാലഘട്ടത്തിൽ പ്രീമെട്രിക് സ്കോളർഷിപ്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്, മെട്രിക് കം മീൻസ് എന്ന പേരിലാണ് പദ്ധതി നടപ്പിലാക്കിയത്. 201415നു മുൻപ് സ്കോളർഷിപ് തുക ബന്ധപ്പെട്ട സംസ്ഥാന കേന്ദ്ര ഭരണപ്രദേശങ്ങൾക്കും 201415 മുതൽ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ടും കൈമാറി.

### ഐപിസി എബനേസർ ദുബായ് ഒരുക്കുന്ന 'PRAY FOR MANIPUR' നാളെ

ദുബായ് : ഐപിസി എബനേസർ ദുബായ് ഒരുക്കുന്ന 'PRAY FOR MANIPUR' നാളെ (ആഗസ്റ്റ് 24) വൈകിട്ട് 8 ന് (യുഎഇ സമയം) സൂം പ്ലാറ്റ് ഫോമിൽ നടക്കും. മണിപ്പൂർ സന്ദർശിച്ച പാസ്റ്റർ സജി മാത്യു (ഗുജറാത്ത് ) അനുഭവങ്ങൾ പങ്കുവയ്ക്കും.പാസ്റ്റർ കെ. വൈ തോമസ് അധ്യക്ഷത വഹിക്കും.
Zoom ID : 833 7809 6393. Passcode : 2819

## ചരിത്ര നിമിഷം ; ചന്ദ്രനെ തൊട്ട് ചന്ദ്രയാൻ 3, ദക്ഷിണധ്രുവത്തിൽ ഇറങ്ങുന്ന ആദ്യ രാജ്യമായി ഇന്ത്യ




ബാംഗളൂർ :ചന്ദ്രയാൻ ചന്ദ്രനിൽ മുത്തമിട്ടു . മുൻ നിശ്ചയിച്ച പ്രകാരം വൈകിട്ട് 6:04 ന് ലാൻഡർ ചന്ദ്രോപരിതലം തൊട്ടതായി ഐ എസ്ആർഒ സ്ഥിരീകരിച്ചു. ഇതോടെ ചന്ദ്രന്റെ ദക്ഷിണ ധ്രുവത്തിൽ ഇറങ്ങുന്ന ആദ്യ രാജ്യമായും സോഫ്റ്റ് ലാൻഡിങ്ങിൽ വിജയിക്കുന്ന നാലാമത്തെ രാജ്യമായും ഇന്ത്യമാറി . ഇന്ത്യക്കു മുൻപ് അമേരിക്ക , ചൈന , റഷ്യ എന്നീ രാജ്യങ്ങളാണ് ചന്ദ്രോപരിതലത്തിൽ സോഫ്റ്റ് ലാൻഡിങ് വിജയിച്ച രാജ്യങ്ങൾ.

സംഭ്രമത്തിന്റെയും ഉദ്വേഗത്തിന്റെയും അവസാന 19 നിമിഷങ്ങൾ താണ്ടിയാണ് സ്വപ്ന നേട്ടത്തിലേക്ക് ഇന്ത്യയെ ലാൻഡർ പേടകം സോഫ്റ്റ് ലാൻഡ് ചെയ്യിച്ചത് . ഐ എസ് ആർ ഒയുടെ ബെംഗളൂരുവിലെ മിഷൻ ഓപ്പറേഷൻ കോംപ്ലക്സിലെ ശാസ്ത്രജ്ഞർക്കായിരുന്നു ദൗത്യത്തിന്റെ നിയന്ത്രണം . ബഹിരാകാശ ശാസ്ത്രജ്ഞർ നേരത്തെ തയ്യാറാക്കി നൽകിയ മാർഗ നിർദേശം അനുസരിച്ച് സ്വയം കൈകാര്യം ചെയ്താണ് ലാൻഡർ ചന്ദ്രോപരിതലത്തിൽ മൃതു ഇറക്കം പൂർത്തിയാക്കിയത്. ചന്ദ്രന്റെ 25 കിലോമീറ്റർ മുകളിൽ നിന്ന് തിരശ്ചീനമായും പിന്നീട് ലംബമായും സഞ്ചരിച്ചാണ് സോഫ്റ്റ് ലാൻഡിങ്ങിനുള്ള നാല് ഘട്ടങ്ങൾ ലാൻഡർ പൂർത്തീകരിച്ചത് .

## അനധികൃതമായി പള്ളിക്കുമുൻപിൽ സ്ഥാപിച്ച ഹിന്ദു വിഗ്രഹം നീക്കം ചെയ്ത് പോലീസ്



പനാജി : മുൻ പോർച്ചുഗീസ് കോളനിയായ ഗോവയിലെ ഒരു പള്ളിക്ക് മുന്നിൽ അനധികൃതമായി സ്ഥാപിച്ച ഹിന്ദു വിഗ്രഹം പോലീസ് നീക്കം ചെയ്തു. പതിനാറാം നൂറ്റാണ്ടിൽ പോർച്ചുഗീസുകാർ പണികഴിപ്പിച്ച ഔവർ ലേഡി ഓഫ് ഹെൽത്ത് ചർച്ചിന് മുന്നിൽ ഹിന്ദു ദേവതയായ ദുർഗ്ഗയുടെ വിഗ്രഹം സ്ഥാപിച്ചതിന് 10 പേർക്കെതിരെ പോലീസ് ഓഗസ്റ്റ് 19 ന് കേസെടുത്തു. 2023 ഓഗസ്റ്റ് 18ന് സംഭവം നടന്ന ലോക്കൽ പോലീസ് സ്റ്റേഷനിലെ ഇൻസ്പെക്ടർ ഡിയോഗോ ഗ്രേഷ്യസ്, 10 പേർക്കെതിരെ കേസെടുത്തിട്ടുണ്ട്. ഇവരുടെ വീടുകളിൽ പരിശോധന നടത്തിയിട്ടും പ്രതികളെ കണ്ടെത്താനായില്ലെന്നും ആരെയും അറസ്റ്റ് ചെയ്തിട്ടില്ലെന്നും പൊലീസ് ഉദ്യോഗസ്ഥർ പറഞ്ഞു.

'നിയമവിരുദ്ധമായ കടന്നുകയറ്റവും സാമുദായിക പൊരുത്തക്കേടും ഉൾപ്പെടെ എല്ലാ കോണുകളും ഞങ്ങൾ അന്വേഷിക്കും,' ഗ്രേഷ്യസ് പറഞ്ഞു .ആഗസ്ത് 19 ന് 12 ഓളം പേർ വിഗ്രഹം സ്ഥാപിച്ചതായി പോലീസ് പറഞ്ഞു. നൂറ്റാണ്ടുകൾക്ക് മുമ്പ് പള്ളി നിലനിന്നിരുന്നതിനാൽ പള്ളിക്ക് മുൻപിൽ വിഗ്രഹം സ്ഥാപിച്ചതായി പ്രാദേശിക ഹിന്ദു സംഘടനയായ കർണി സേന പറയുന്നു. ഇടവകക്കാരുടെ പരാതിയെ തുടർന്ന് പോലീസ് എത്തി പ്രതിമ നീക്കം ചെയ്തുവെന്ന് ഇടവക വികാരി ഫാദർ കെന്നറ്റ് ടെലിസ് പറഞ്ഞു. സുവാരി നദിയുടെ തീരത്തുള്ള സാൻകോളിലെ പള്ളി 1566 ൽ നിർമ്മിച്ചതാണ്. ഇന്ത്യയുടെ പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള ഒരു സംരക്ഷിത സ്മാരകമാണിത്.

## ദേശീയ വിദ്യാഭ്യാസ നയത്തിന്റെ പാഠ്യപദ്ധതി ചട്ടക്കൂട് പുറത്തിറക്കി

ന്യൂഡൽഹി : ബോർഡ് പരീക്ഷകൾ വർഷത്തിൽ രണ്ട് തവണയായി നടത്തുന്നതുൾപ്പെടെയുള്ള കാര്യമായ മാറ്റങ്ങളുമായി ദേശീയ വിദ്യാഭ്യാസ നയത്തിന്റെ പാഠ്യപദ്ധതി ചട്ടക്കൂട് പുറത്തിറക്കി. പരീക്ഷകളിൽ ലഭിക്കുന്ന ഉയർന്ന സ്കോർ ആയിരിക്കും പരിഗണിക്കപ്പെടുക. പ്ലസ് വൺ, പ്ലസ് ടു ക്ലാസുകളിൽ വിദ്യാർഥി ഒരു ഇന്ത്യൻ ഭാഷയുൾപ്പെടെ രണ്ട് ഭാഷകൾ പഠിക്കുന്നുണ്ടെന്ന കാര്യവും ഉറപ്പാക്കും. ഇതിലൂടെ ഭാഷാപരമായ വൈവിധ്യത്തെ പ്രോത്സാഹിപ്പിക്കുന്നതിനും രാജ്യത്തിന്റെ സമ്പന്നമായ സാംസ്കാരത്തെ അടുത്തറിയുന്നതിനും സഹായിക്കുമെന്നാണ് കേന്ദ്ര വിദ്യാഭ്യാസ വകുപ്പിന്റെ വിലയിരുത്തൽ.

കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ ആണ് പാഠ്യപദ്ധതി ചട്ടക്കൂട് പുറത്തിറക്കിയത്. 2024ലെ അക്കാദമിക വർഷം മുതൽ ഇത് നടപ്പാക്കുമെന്ന് മന്ത്രി അറിയിച്ചു. ദീർഘ സമയം ചെലവഴിച്ച് പാഠങ്ങൾ മനപ്പാഠമാക്കുന്ന പതിവിനു പകരം വിദ്യാർഥികളുടെ ധാരണയും കഴിവും വിലയിരുത്തുകയാണ് പുതിയ പാഠ്യപദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. പൊതു പരീക്ഷകളിലൂടെയാണ് ഇത് വിലയിരുത്തുക. വിദ്യാർഥികൾക്ക് വിവിധ വിഷയങ്ങളിൽ ആഴത്തിലുള്ള ധാരണയുണ്ടാക്കുന്നതിനൊപ്പം പ്രായോഗിക വൈദഗ്ധ്യം കൂടുതലായി നേടുന്നതിനും ഇതിലൂടെ സാധിക്കുമെന്നാണ് വിദ്യാഭ്യാസ വകുപ്പ് കരുതുന്നത്. വിദ്യാർഥികൾക്ക് മികച്ച പ്രകടനത്തിന് മതിയായ സമയവും അവസരവും ഉണ്ടെന്ന് ഉറപ്പാക്കാനാണ് വർഷത്തിൽ രണ്ട് തവണയെങ്കിലും ബോർഡ് പരീക്ഷകൾ നടത്താനുള്ള തീരുമാനത്തിന് പിന്നിലെന്ന് മന്ത്രി വ്യക്തമാക്കി

# പാക്കിസ്ഥാനിലെ ക്രൈസ്തവർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച്

# ബ്രിട്ടനിൽ സമാധാന റാലി



ലണ്ടൻ: പാക്കിസ്ഥാനിലെ ജരൻവാലയിൽ നടന്ന ക്രൈസ്തവ വിരുദ്ധ ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ ക്രൈസ്തവർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ബ്രിട്ടനിൽ സമാധാന റാലി. മാഞ്ചസ്റ്റർ കോൺസുലേറ്റിന് പുറത്ത് നടന്ന സമാധാന റാലിയിൽ ഇംഗ്ലണ്ടിന്റെ വിവിധയിടങ്ങളിൽ താമസിക്കുന്ന പാക്കിസ്ഥാനി ക്രൈസ്തവർ പങ്കെടുത്തു. പാക്കിസ്ഥാനിൽ ക്രിസ്ത്യാനികൾക്കെതിരെ നടക്കുന്ന ക്രൂരമായ പീഡനങ്ങളിൽ തങ്ങളുടെ ദുഃഖവും ആശങ്കയും പ്രകടിപ്പിച്ച് നൂറ്റിഅൻപതോളം ആളുകളാണ് ധർണ്ണയിൽ പങ്കുചേർന്നത്. കോൺസുലേറ്റിന് പുറത്ത് ഓരോരുത്തരും സംയുക്ത നിവേദനത്തിൽ ഒപ്പുവെച്ചു. ജരൻവാലയിൽ സമാധാനം പുനഃസ്ഥാപിക്കണമെന്നും ക്രൈസ്തവരുടെ സംരക്ഷണം ആവശ്യപ്പെട്ടും കൊണ്ടുള്ള നിവേദനം കോൺസുലർ ജനറൽ മുഹമ്മദ് താരിഖ് വസീറിന് സമർപ്പിച്ചു.

സ്തുതി ഗീതങ്ങളുടെയും പ്രാർത്ഥനകളുടെയും അകമ്പടിയോടെയാണ് പരിപാടി ആരംഭിച്ചത്. ബ്രിട്ടീഷ് ഏഷ്യൻ ക്രിസ്ത്യൻ അസോസിയേഷന്റെ പ്രതിനിധി വിന്നി മസിഹ് റാലിയിൽ മുഖ്യപ്രഭാഷണം നടത്തി. തങ്ങൾക്ക് പുതിയ നിയമങ്ങൾ ആവശ്യമില്ലായെന്നും ഇത്തരം അക്രമങ്ങൾ നടത്തുന്നവർക്കെതിരെ പാക്കിസ്ഥാൻ സർക്കാർ ശക്തമായ നടപടിയെടുക്കുകയാണ് വേണ്ടതെന്നും വിന്നി മസിഹ് പറഞ്ഞു. മുസ്ലീം ജനക്കൂട്ടം ക്രിസ്ത്യൻ വീടുകളും പള്ളികളും കത്തിക്കുമ്പോഴും പോലീസ് ഉദ്യോഗസ്ഥർ നിഷ്ക്രിയമായി നിൽക്കുകയായിരിന്നുവെന്ന് അദ്ദേഹം ആരോപിച്ചു. അതേസമയം സമാധാനപരമായി നടന്ന റാലി പാക്കിസ്ഥാനിലെ ക്രിസ്ത്യാനികൾക്ക് സുരക്ഷ ഒരുക്കുന്നതിനായി അന്താരാഷ്ട്ര തലത്തിൽ ഉയരുന്ന ശബ്ദമായാണ് നിരീക്ഷിക്കപ്പെടുന്നത്.

ആക്രമണങ്ങളിൽ ഇരുപതോളം ദേവാലയങ്ങൾ ആക്രമിക്കപ്പെട്ടു. നൂറുകണക്കിന് ക്രിസ്ത്യൻ ഭവനങ്ങൾ നശിപ്പിക്കപ്പെട്ടു. അക്രമവും ഭീഷണിയും മൂലം സർവ്വതും ഉപേക്ഷിച്ച് ആയിരക്കണക്കിന് ക്രിസ്ത്യാനികളാണ് പ്രദേശത്ത് നിന്നും പലായനം ചെയ്തത്. ഇവരിൽ ചിലർ തിരികെ മടങ്ങിയെത്തിയിട്ടുണ്ടെങ്കിലും നിരവധി പേർ ഭീഷണി ഭയന്നു മടങ്ങാൻ കൂട്ടാക്കിയിട്ടില്ല. കഴിഞ്ഞ ദിവസം തകർന്ന ദേവാലയത്തിന് സമീപം വിശുദ്ധ കുർബാന അർപ്പിക്കുന്ന പാക്ക് ക്രൈസ്തവരുടെ വീഡിയോ സമൂഹ മാധ്യമങ്ങളിൽ ഏറെ ശ്രദ്ധ നേടിയിരിന്നു. കഴിഞ്ഞ ദിവസം തകർന്ന ദേവാലയത്തിന് സമീപം വിശുദ്ധ കുർബാന അർപ്പിക്കുന്ന പാക്ക് ക്രൈസ്തവരുടെ വീഡിയോ സമൂഹ മാധ്യമങ്ങളിൽ ഏറെ ശ്രദ്ധ നേടിയിരിന്നു.

## ക്രിസ്ത്യാനികളുടെ സുരക്ഷിതത്വത്തിൽ നടപടിയെടുക്കണം : പാക്കിസ്ഥാൻ ബിഷപ്പുമാർ

ഇസ്ലാമബാദ് : മതനിന്ദാകുറ്റം ആരോപിച്ച് പാക്കിസ്ഥാനിലെ കറാച്ചി അതിരൂപതയിലെ ക്രിസ്ത്യൻ ദേവാലയങ്ങൾക്കും ഭവനങ്ങൾക്കുംനേരെ ആക്രമണങ്ങൾ നടത്തിയതിനെ അപലപിച്ച് കാറാച്ചിയിലെ ബിഷപ്പുമാർ. ഫൈസലാബാദിലെ ജരൻവാലയിൽ, മതനിന്ദാകുറ്റം ചുമത്തി ക്രൈസ്തവർക്കെതിരെ നടന്ന ആക്രമണങ്ങളുടെ പശ്ചാത്തലത്തിലാണ് ബിഷപ്പുമാർ തങ്ങളുടെ ആവശ്യം വ്യക്തമാക്കിയത്.

'അവിശ്വസനീയവും അപ്രതീക്ഷിതവുമായ അക്രമങ്ങളായിരുന്നു നേരിട്ടത്. അനിയന്ത്രിതമായ ദേഷ്യവും വെറുപ്പും ക്രിസ്ത്യൻസമൂഹം അഭിമുഖീകരിക്കേണ്ടിവന്നു' കറാച്ചി ആർച്ചുബിഷപ്പ് ബെന്നി ട്രാവാസ് വെളിപ്പെടുത്തി. എന്റെ അജഗണങ്ങൾ മറ്റു മതങ്ങളോടോ, അവരുടെ മതഗ്രന്ഥങ്ങളോടോ അനാദരവ് കാണിക്കുകയില്ല. ക്രിസ്ത്യൻ സമൂഹം പാക്കിസ്ഥാൻ രാഷ്ട്രത്തോടുള്ള തങ്ങളുടെ വിശ്വസ്തത പുലർത്തിക്കൊണ്ടാണ് ജീവിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

'ഇത്തരം അക്രമങ്ങൾ യഥാർഥത്തിൽ ക്രിസ്ത്യാനികൾ രണ്ടാംതരം പൗരന്മാരാണെന്നും അവരെ യഥേഷ്ടം ഭയപ്പെടുത്താമെന്നുള്ള സർക്കാരിന്റെ നിലപാടാണ് വെളിപ്പെടുത്തുന്നത്. നിയമം കൈയിലെടുക്കുകയും പള്ളികളും വിശുദ്ധ ഗ്രന്ഥങ്ങളും നിരവധി ആളുകളുടെ ഭവനങ്ങളും നശിപ്പിക്കുകയും അവഹേളിക്കുകയും ചെയ്തവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം' ദുരിതമനുഭവിക്കുന്ന ക്രൈസ്തവസമൂഹത്തോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ആർച്ചുബിഷപ്പ്, ബെന്നി ട്രാവാസ് സർക്കാരിനോട് ആവശ്യപ്പെട്ടു.

## ബൈബ്ലസ് വടക്കാഞ്ചേരി

വടക്കാഞ്ചേരി: ടൗൺ ഏജി വർഷിപ്പ് സെന്റർ (ജയശ്രീ മിനി ഓഡിറ്റോറിയം)സഭയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ഉണർവിന്റെ ഏഴു ദിനങ്ങൾ 2023 ആഗസ്റ്റ് 28 തിങ്കൾ മുതൽ സെപ്റ്റംബർ 3 ഞായർ വരെ നടത്തപ്പെടും.രാവിലെ 10 മുതൽ 1 : 30 വരെയും വൈകിട്ട് 6 മുതൽ 9 മണി വരെയും മീറ്റിംഗ് നടക്കും.

പാസ്റ്റർ ബിജോ വടക്കാഞ്ചേരി ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്ന യോഗത്തിൽ കർത്താവിൽ പ്രസിദ്ധരായ ദൈവദാസന്മാർ അഭിമന്യു അർജുൻ കൊട്ടാരക്കര, എബ്രഹാം ഒറ്റപ്പാലം,അനീഷ് കൊല്ലം,പാസ്റ്റർ എം എം ബേബിച്ചൻ മുണ്ടക്കയം,ഷിബിൻ കൊട്ടാരക്കര, പ്രകാശ് പീറ്റർ ചെങ്ങന്നൂർ എന്നിവർ വചനം ശുശ്രൂഷിക്കുന്നു.

## കാട്ടു തീയിൽ കത്തിയമർന്ന് ഗ്രീസ്:വനത്തിൽ നിന്നും പതിനെട്ട് മൃതദേഹങ്ങൾ കണ്ടെത്തി

ഏദൻസ് : വടക്കൻ ഗ്രീസിലെ വനമേഖലയിൽ കഴിഞ്ഞ നാല് ദിവസമായി തുടരുന്ന കാട്ടു തീയിൽ പതിനെട്ട് മൃതദേഹങ്ങൾ കണ്ടെത്തി. അവന്താസ് ഗ്രാമത്തിന് പുറത്തുള്ള ഒരു കുടിലിന് സമീപത്ത് നിന്നാണ് 18 മൃതദേഹങ്ങൾ കണ്ടെടുത്തത്. മരിച്ചവർ കുടിയേറ്റക്കാരാണെന്നാണ് സൂചന.
ആളുകളെ കാണാതായെന്ന പരാതികളൊന്നും ലഭിക്കാത്ത സാഹചര്യത്തിൽ മരിച്ചവർ അനധികൃതമായി ഗ്രീസിൽ കടന്നവരാണോ എന്ന കാര്യം പരിശോധിക്കുകയാണെന്ന് അഗ്നിശമനസേനാ വൃത്തങ്ങൾ വ്യക്തമാക്കി. മരണ നിരക്ക് ഇനിയും ഉയരാൻ സാധ്യതയുണ്ടെന്നാണ് സൂചന. തുർക്കി അതിർത്തിയിൽ നിന്ന് അധികം അകലെയല്ലാത്ത വടക്കുകിഴക്കൻ ഗ്രീസിലെ എവ്റോസ് മേഖലയായിരുന്നു തീപിടുത്തം. ഗ്രീസിലെ മറ്റ് പ്രദേശങ്ങളിലേയ്ക്കും തീ പടരുന്നത് തുടരുകയാണ്. താപനില 39 ഡിഗ്രി സെൽഷ്യൽസ് മറികടന്നു. കനത്ത തീയിൽ അലക്സാണ്ട്രോപോളിസ് നഗരത്തിലെ ഒരു ആശുപത്രിയും ഒഴിപ്പിച്ചതായാണ് വിവരം.

## അന്നമ്മ നൈനാൻ നിത്യതയിൽ



ഫ്ലോറിഡ : ഫുൾ ഗോസ്പൽ ഇന്ത്യ ചർച്ച് സ്ഥാപക പ്രസിഡന്റ് പരേതനായ കർത്തൃദാസൻ പാസ്റ്റർ കെ എം നൈനാന്റെ ഭാര്യയും, ഫ്ലോറിഡ ഇന്ത്യ പെന്തകോസ്ത് ദൈവസഭാംഗവുമായ അന്നമ്മ നൈനാൻ (90 വയസ്സ്) ഫ്ലോറിഡയിൽ നിര്യാതയായി. മക്കൾ : പാസ്റ്റർ സാം നൈനാൻ (പ്രസിഡന്റ്, ഫുൾ ഗോസ്പൽ ഇന്ത്യ ചർച്ച്), മാത്യു നൈനാൻ. മരുമക്കൾ : മേരി നൈനാൻ, മേഴ്സി നൈനാൻ. വ്യൂവിംഗ് സർവീസ് : ഓഗസ്റ്റ് 25 വെള്ളിയാഴ്ച്ച വൈകിട്ട് 6.30 മണി മുതൽ 9.30 മണി വരെ നടത്തപ്പെടും. സംസ്കാര ശുശ്രൂഷ : ഓഗസ്റ്റ് 26 ശനിയാഴ്ച്ച രാവിലെ 9 മണിക്ക് ഫ്ലോറിഡ ഐ പി സി ചർച്ചിൽ ആരംഭിക്കുന്നതും തുടർന്ന് ഉച്ചക്ക് 1 മണിക്ക് ഓക്ക് ഹിൽ ബറിയൽ പാർക്ക് സെമിത്തേരിയിൽ നടത്തപ്പെടും.

## ഇസ്രായേൽ സൈന്യത്തിന്റെ വെടിവെപ്പ്; 17 വയസ്സുള്ള പലസ്തീൻകാരൻ കൊല്ലപ്പെട്ടു

ജറൂസലം: വെസ്റ്റ് ബാങ്കിലെ വടക്കൻ മേഖലയിൽ ഇസ്രായേൽ സൈന്യം നടത്തിയ ആക്രമണത്തിൽ 17 വയസുള്ള പലസ്തീൻകാരൻ കൊല്ലപ്പെട്ടു. ജെനിൻ പട്ടണത്തിന് തെക്ക് സബാബ്ദേഹിലാണ് സംഭവം. തലയിൽ വെടിയേറ്റാണ് ഒത്മാൻ അബു ഖർജ് എന്ന കൗമാരക്കാരൻ കൊല്ലപ്പെട്ടതെന്ന് പലസ്തീൻ ആരോഗ്യ മന്ത്രാലയം പറഞ്ഞു. പലസ്തീനിലെ വടക്കൻ നഗരമായ ഹവാരയിൽ ഇസ്രായേലിയായ പിതാവിനെയും മകനെയും കൊലപ്പെടുത്തിയ ആൾക്കുവേണ്ടിയാണ് ഇസ്രായേൽ സൈന്യം പ്രദേശത്ത് റെയ്ഡ് നടത്തിയത്.

CNL MEDIA

Vol. 2 Issue 201

# CHRISTIANLIVE DAILY

23
Wednesday
Pages 5
570

